(സി) KITCO റിപ്പോർട്ട് ബന്ധപ്പെട്ട മന്ത്രിമാരും എം.എൽ.എ. മാരുമുള്ള സദസ്സിനു മുമ്പാകെ അവതരിപ്പിച്ചു. പാത വെങ്ങളം വരെ നീട്ടണമെന്നവർ നിർദ്ദേശിക്കുകയുണ്ടായി. അതിനുവേണ്ടിയുള്ള KITCO-യുടെ സർവ്വേ പൂർത്തിയായിട്ടുണ്ട്, റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല.

(ഇ) 38 കിലോമീറ്റർ

(എഫ്) റോഡ് തീരദേശത്തോടടുത്തായതുകൊണ്ട് ടൂറിസം സാദ്ധ്യത വർദ്ധിക്കാനും സമുദ്രോൽപ്പന്നങ്ങളുടെ നീക്കം സുഗമമാക്കാനും ഉപകരിക്കും.

വെള്ളായണി കായലിന് കുറുകെ പാലം

226 (4580) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷത്തെ ബഡ്ജറ്റിൽ കോവളം നിയോജകമണ്ഡലത്തിൽ വെള്ളായണി കായലിനുകുറുകെ ഒരു പാലം നിർമ്മിക്കുന്നതിന് എത്ര തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വെള്ളായണി കായലിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാനും, ടൂറിസം വികസനത്തിന് പ്രയോജനം ലഭിക്കുവാനും ഇപ്പോഴുള്ള ബണ്ട് റോഡിന് പകരം ഒരു പാലം നിർമ്മിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010-11 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 100 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ധനലഭ്യതയനുസരിച്ച് ഈ കാര്യം പരിഗണിക്കുന്നതാണ്.

കോഴിക്കോട് അരേടത്തുപാലത്തെ പാലത്തിന്റെ നിർമ്മാണം

227 (4581) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് അരേടത്തുപാലത്തെ ഒരു പാലത്തിന്റെ പണി ഇപ്പോഴും പൂർത്തീകരിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പൂർത്തിയാക്കുന്നതിനായി വകുപ്പ് നടത്തിയ പ്രവർത്തനങ്ങളുടെയും നടപടിക്രമങ്ങളുടേയും വിശദാംശങ്ങൾ തീയതി സഹിതം വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പാലം എന്ന് പൂർത്തീകരിക്കുന്നതിനായിട്ടാണ് കരാർ പ്രകാരം വ്യവസ്ഥ ചെയ്തതെന്നും എത്ര തുകയ്ക്കാണ് കരാർ ഏൽപ്പിച്ച തെന്നും വ്യക്തമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര തുക കരാറുകാരന് നൽകിയെന്ന് വിശദമാക്കുമോ ;

(ഇ) കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെ എന്തുകൊണ്ടാണ് കരിമ്പട്ടികയിൽ ഉൾപ്പെടുത്താത്തതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലത്തിന്റെ അപ്രോച്ച് റോഡ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായി. സ്ഥലം ലഭ്യമല്ലാത്തതുകൊണ്ടാണ് അപ്രോച്ച് റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കാത്തത്. സ്ഥലം ലഭ്യമാക്കാൻ വേണ്ട നടപടികൾക്കായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുവരുന്നു. സ്ഥലം ലഭ്യമല്ലാത്തതിനാൽ പണി തുടരുന്നതിന് താൽപര്യമില്ലെന്ന് കരാറുകാരൻ അറിയിച്ചതിനെത്തുടർന്ന് ടിയാനുമായുള്ള കരാർ റദ്ദാക്കണമെന്നും, ബാക്കി പണികൾക്ക് ഭരണാനുമതി പുതുക്കി നൽകണമെന്നും 15-9-2009-ലെ കത്ത് പ്രകാരം ചീഫ് എൻജിനീയർ സർക്കാരിനോട് ആവശ്യപ്പെട്ടു. അതിൻപ്രകാരം 30-1-2010-ൽ കരാർ റദ്ദാക്കാൻ അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഭരണാനുമതി പുതുക്കുന്നതിനായി സമർപ്പിച്ച അടങ്കലിന്മേൽ ചില വിശദീകരണങ്ങൾ ആവശ്യമായതിനാൽ അവ ലഭ്യമാക്കുവാൻ 17-5-2010-ലെ കത്തുപ്രകാരം ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത വിവരങ്ങൾ ലഭ്യമായാലുടൻതന്നെ പുതുക്കിയ അടങ്കൽ അംഗീകരിക്കാൻ സാധിക്കുന്നതാണ്.

(സി) കരാർ നമ്പർ SE(K)/132/05-06 dated 24-12-2005 പ്രകാരം 23-6-2007-ന് പ്രവൃത്തി പൂർത്തീകരിക്കാനാണ് കരാർ നൽകിയത്. കരാർ തുക 3,58,75,376 രൂപ.

(ഡി) 273.34 ലക്ഷം രൂപ.

(ഇ) ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം നേരിട്ടതിനാൽ, കരാറുകാരൻ പണി നിർത്തുകയും ഗവൺമെന്റ് ഉത്തരവ് G.O.(Rt) No.178/10/PWD dated 30-1-2010 പ്രകാരം ഉപാധികൾ ഇല്ലാതെ, കരാറുകാരന്റെ കരാർ റദ്ദുചെയ്യുകയും ചെയ്തു. പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ച വന്നിട്ടില്ലാത്തതിനാൽ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly